**POLICE** **DEPARTMENT**

**KERALA**

**No. G1-1806/2020/KATS**
Kerala Anti Terror Squad,
Malappuram
Dated. 30-01-2021

**ലേല പരസ്യം**

മലപ്പുറം ജില്ലയിലെ അരീക്കോട് സ്പെഷ്യൽ ഒപ്പറേഷൻസ് ഗ്രൂപ്പ് ക്യാമ്പിൽ നിലവിലുള്ള ഫല വൃക്ഷങ്ങളിൽ നിന്നും 2021 ജനവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ ആദായം എടുക്കുന്നതിനുള്ള പരസ്യ ലേലം 17/02/2021തീയതി പകൽ 11 മണിക്ക് SOG ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

| ലേല സ്ഥലം | തീയതി & സമയം | നിരതദ്രവ്യം | ഫലവൃക്ഷങ്ങളുടെ വിവരം |
|---|---|---|---|
| SOG ക്യാമ്പ്, അരീക്കോട് | 17/02/2021 11.00 AM | Rs.5000/- | തെങ്ങ്,മാവ് ,കശുമാവ് |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിന് മുൻപ് അസി.കമാണ്ടൻറ്(ഓപ്പറേഷൻസ് -ട്രെയിനിങ്) മുൻപാകെ നിരത ദ്രവ്യം രൂപ 5000/- അടവാക്കി ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.ആവശ്യമെങ്കിൽ അസി.കമാണ്ടൻറ്(ഓപ്പറേഷൻസ് -ട്രെയിനിങ്) ന്റെ അനുമതിയോടുകൂടി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ വൈകീട്ട് 3 മുതൽ 5 മണി വരെയുള്ള സമയത്ത് ടി ഫലവൃക്ഷങ്ങൾ പരിശോധിക്കാവുന്നതാണ്.

പ്രസ്തുത ലേലത്തിൽ ടെണ്ടറുകൾ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ "സൂപ്രണ്ടന്റ് ഓഫ് പോലീസ് (ഓപ്പറേഷൻസ് ), KATS, അരീക്കോട്" എന്ന പേരിൽ മാറാവുന്ന 5000/-.രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം നിശ്ചിത സമയത്തിന് മുൻപ് സൂപ്രണ്ടന്റ് ഓഫ് പോലീസ് ( ഓപ്പറേഷൻസ് ), KATS, അരീക്കോട് , പിൻ-673639 എന്ന വിലാസത്തിൽ 17/02/2021 തിയതിക്ക് മുൻപ് ലഭിക്കത്തക്കവണ്ണം വിധം തപാലിൽ അയക്കേണ്ടതും, അയക്കുന്ന കവറിനു മുകളിൽ" "അരീക്കോട് SOG ക്യാമ്പിലെ 2021 ലെ ഫല വൃക്ഷങ്ങളുടെ ലേലം" എന്നു രേഖപ്പെടുത്തേണ്ടതുമാണ്.

17/02/2021 തിയതി രാവിലെ 11 മണിക്ക് ലേലം ആരംഭിക്കുന്നതും, ലേലത്തിനു ശേഷം ടെണ്ടറുകൾ തുറക്കുന്നതുമാണ്. ലേലതുക/ടെൻഡർ ഇവയിൽ ഏതാണോ കൂടുതൽ ലഭിച്ചിരിക്കുന്നത് എന്ന് പരിശോധിച്ചതിനു ശേഷം കൂടുതൽ തുകക്ക് ലേലം ഉറപ്പിച്ച വ്യക്തി /ടെണ്ടർ സമർപ്പിച്ച വ്യക്തി എന്നവർക്ക് ലേലം ഉറപ്പിക്കുന്നതും, ലേലം/ ടെണ്ടർ ഉറപ്പിച്ച തുകയുടെ പകുതി (നിരത ദ്രവ്യം കിഴിച്ചുള്ളത് ) അപ്പോൾ തന്നെ ഒടുക്കി രസീത് വാങ്ങേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലേലം/ ടെണ്ടർ ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം ബാക്കി ഒടുക്കുവാനുള്ള തുകയും നിശ്ചിത നിരക്കിലുള്ള നികുതിയും ഉൾപ്പെടെ മുഴുവൻ തുകയും അടക്കേണ്ടതുമാണ് . ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേല നടപടികൾ പൂർത്തിയായതിനു ശേഷം അപ്പോൾ തന്നെ തിരികെ നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് ലഭിച്ച 3 ദിവസത്തിനുള്ളിൽ ഒരു നഷ്ടോത്തരവാദ കരാർ ലേലം ഉറപ്പിച്ച വ്യക്തി തയാറാക്കി നൽകേണ്ടതാണ്.

ലേലം ഉറപ്പിച്ച വ്യക്തി മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യമുൾപ്പെടെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, പുനർ ലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതു ആദ്യം ലേലം ഉറപ്പിച്ച വ്യക്തിയിൽ നിന്നും ഈടാക്കുകയും, മറിച്ച ലാഭം ഉണ്ടാകുകയാണെങ്കിലും ആയതിനു ടി വ്യക്തിക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.യാതൊരുവിധ കാരണങ്ങളും കൂടാതെ ടി ലേലം/ലേല നടപടികൾ മാറ്റിവയ്ക്കുന്നതിനോ

റദ്ദാക്കുന്നതിനോ ഉള്ള അധികാരം സുപ്രണ്ടന്റ് ഓഫ് പോലീസ് ( സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് )ൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ ഉത്തരവുകളും ടി ലേലത്തിലും ബാധകമായിരിക്കും

Chaitra Teresa John IPS
Superintendent of Police

To : എല്ലാ ജില്ലാ പോലീസ് മേധാവി മാർക്കും, എല്ലാ കമാൻഡൻറ് മാർക്കും - തൃശ്ശൂർ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർമാർക്കും അറിവിലേക്ക്. അരീക്കോട്, കാവനൂർ , ഊർങ്ങാട്ടിരി , എടവണ്ണ , കീഴപറമ്പ് പഞ്ചായത് സെക്രട്ടറി മാരുടെ അറിവിലേക്കും , മലപ്പുറം , മഞ്ചേരി നഗരസഭാ സെക്രട്ടറി മാരുടെ അറിവിലേക്കും.

Copy To : അസി.കമാണ്ടൻറ്(ഓപ്പറേഷൻസ്-ട്രെയിനിങ്),SOG അറിവിലേക്കും വിപുലമായ പരസ്യത്തിനും വേണ്ടി. ഇൻസ്പെക്ടർ ഓഫ് പോലീസ് ( വെബ് അഡ്മിൻ) , അറിവിലേക്കും അനന്തര നടപടികൾക്കുമായി

iAPS Internal Administrative Processing System KERALA POLICE